# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3411 20.06.2018-ൽ മറുപടിക്ക്

**ഹയർസെക്കൻഡറി അധ്യാപക റാങ്ക് ലിസ്റ്റ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ദാസൻ | പിണറായി വിജയൻ (മുഖ്യമന്ത്രി) |

**ചോദ്യം**

(എ) ചില വിഷയങ്ങളിലേക്കുള്ള ഹയർസെക്കൻഡറി അധ്യാപക തസ്തികയിലെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്കായി പി.ജി.മാർക്ക് വെയ്റ്റേജ് നൽകുന്നതിലെ അപാകതയും അനീതിയും ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള ഏതെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിശോധിക്കാൻ ഏതെങ്കിലും സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ടോ;ഇത് സംബന്ധിച്ച എന്തെങ്കിലും റിപ്പോർട്ട് പുറത്ത് വന്നിട്ടുണ്ടോ ;

(സി) മേൽ വിഷയത്തെ അടിസ്ഥാനപ്പെടുത്തി,വരാനിരിക്കുന്ന റാങ്ക് ലിസ്റ്റ് നിർണ്ണയം സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

**മറുപടി**

(എ) ഹയർ സെക്കന്ററി അധ്യാപക തസ്തികയുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിൽ പി.ജി മാർക്കിന് വെയിറ്റേജ് നൽകുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) യും (സി) യും: മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേതൊഴികെയുള്ള അധ്യാപക തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിൽ അക്കാദമിക് മാർക്കിന് വെയിറ്റേജ് നൽകുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിലേക്കായി പി.എസ്.സി രൂപീകരിച്ച Expert Committee ശുപാർശ കമ്മീഷൻ പരിശോധിച്ചു. വിവിധ കോടതികളിൽ ഇത് സംബന്ധിച്ച് വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാൽ നിലവിലുള്ള തെരഞ്ഞെടുപ്പുകൾക്ക് നിലവിലുള്ള വ്യവസ്ഥകൾ തന്നെ ബാധകമാക്കാനും ഭാവിയിൽ ഹയർ സെക്കന്ററി, കോളേജ് അധ്യാപക തസ്തികകളിലേക്ക് പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾക്ക് പരീക്ഷാ സമ്പ്രദായത്തിൽ മാറ്റം വരുത്തിക്കൊണ്ട് അക്കാദമിക് മാർക്ക് വെയിറ്റേജ് സംബന്ധിച്ച വിഷയം പരിശോധിക്കുവാനും പി.എസ്.സി തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.